**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 221** **12-10-2026-ൽ മറുപടിയ്ക്ക്**

**പുളിങ്കുന്ന് താലൂക്ക് ആശുപത്രി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. റെജി ചെറിയാൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** പുളിങ്കുന്ന് താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രി പദവിയിലേക്കുയർത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

**മറുപടി:** പുളിങ്കുന്ന് താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയാക്കി ഉയർത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**(ബി)** പുളിങ്കുന്ന് താലൂക്കാശുപത്രിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിക്രമം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

**മറുപടി:** കിഫ്ബി ഫണ്ട് ഉപയോഗിച്ച് പുളിങ്കുന്ന് താലൂക്കാശുപത്രിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 144.06കോടി രൂപയുടെ ഭരണാനുമതിയും 106,43,04,153/-രൂപയുടെ സാമ്പത്തിക അനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി INKEL ആണ്. ടെൻഡർ നടപടികളുടെ ഭാഗമായി ലഭിച്ച BID KIIFB യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**(സി)** ഇതിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും ഏത് ഫണ്ടിൽ നിന്നാണ് തുക അനുവദിച്ചതെന്നും നിർവ്വഹണ ഏജൻസി ഏതെന്നും നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുമെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**